പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T.4761.** **27.10.2016-ൽ മറുപടിയ്ക്ക്**

**ടോൾ രഹിത ഗതാഗതം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ.വി.ആർ. സുനിൽ കുമാർ<br>ശ്രീമതി സി.കെ. ആശ : | | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ടോൾ രഹിത ഗതാഗതം നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | ടോൾ ആക്റ്റ് പ്രകാരം 10 കോടിയ്ക്ക് മുകളിൽ നിർമ്മാണ ചെലവുള്ളതും കേരള ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുള്ളതുമായ പാലങ്ങളിൽ നിന്നാണ് നിലവിൽ പൊതുമരാമത്ത് വകുപ്പ് റോഡ്സ് & ബ്രിഡ്ജസ് വിഭാഗം ടോൾ പിരിക്കുന്നത്.<br>കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ കത്തിലെഴുത്ത് നമ്പർ 1187845/2016/പി-7 തീയതി 6/7/2016 പ്രകാരം 100 കോടി രൂപയിൽ താഴെ വരുന്ന പ്രവൃത്തികളെ ടോൾ പിരിവിൽ നിന്ന് ഒഴിവാക്കിക്കൊണ്ട് ഉത്തരവായതിനാൽ നിലവിൽ ദേശീയപാതാ വിഭാഗത്തിന്റെ കീഴിൽ ടോൾപിരിവ് ഒന്നും തന്നെയില്ല. |
| (ബി) | ടോൾ ബൂത്തുകളിൽ അതത് ദിവസം കടന്നുപോയ വാഹനങ്ങളുടെ എണ്ണം, പിരിച്ച ടോൾതുക തുടങ്ങിയ വിവരങ്ങൾ പ്രദർശിപ്പിക്കുന്ന ബോർഡുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ടോൾ ബൂത്തുകളിൽ അതത് ദിവസം കടന്നുപോയ വാഹനങ്ങളുടെ എണ്ണം, പിരിച്ച ടോൾതുക തുടങ്ങിയ വിവരങ്ങൾ പ്രദർശിപ്പിക്കുന്ന ബോർഡുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി1) | സംസ്ഥാനത്ത് കഴിഞ്ഞ അഞ്ചുവർഷത്തിനിടക്ക് പുതുതായി എത്ര ടോൾ ബൂത്തുകൾ നിലവിൽ വന്നുവെന്ന് അറിയിക്കുമോ; | (സി1) | സംസ്ഥാനത്ത് കഴിഞ്ഞ അഞ്ചുവർഷത്തിനിടക്ക് നിരത്തുകളും പാലങ്ങളും വിഭാഗത്തിൻ കീഴിൽ പുതുതായി 8 (എട്ട്) ടോൾ ബൂത്തുകളും RBDCK-യുടെ കീഴിൽ 9 (ഒൻപത്) ടോൾ ബൂത്തുകളും നിലവിൽ വന്നിട്ടുണ്ട്. ദേശീയപാതാ വിഭാഗത്തിന്റെ കീഴിൽ കഴിഞ്ഞ അഞ്ചുവർഷത്തിനിടക്ക് പുതുതായി പടണക്കാട് റെയിൽവേ മേൽപ്പാലത്തിന് ടോൾ നിലവിൽ വന്നു. ഇത് 27/9/2012-ൽ തുടങ്ങി 8/10/2016-ൽ അവസാനിച്ചു. |
| (ഡി1) | കിഫ്ബി മുഖേന നിർമ്മിക്കുന്ന റോഡുകളിലൂടെയുള്ള ഗതാഗതത്തിന് ടോൾ ഈടാക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി1) | കിഫ്ബി മുഖേന നിർമ്മിക്കുന്ന റോഡുകളിലൂടെയുള്ള ഗതാഗതത്തിന് ടോൾ സംബന്ധിച്ച് നിലവിൽ തീരുമാനമൊന്നും എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ